പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 135 — 12.07.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.

**ചോദ്യം**

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
" ബി. സത്യൻ
" കെ. ബാബു
" ജോർജ് എം. തോമസ്

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുതിയ ബസ്സുകൾ വാങ്ങുന്നതിനായി നിലവിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് കെ.എസ്.ആർ. ടി.സി പാലിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | കേരളാ ഗവൺമെന്റിന്റെ ഇ-പ്രൊക്യൂർമെന്റ് സംവിധാനം മുഖേന വാഹന നിർമ്മാതാക്കളിൽ നിന്നാണ് ബസ്സ് ഷാസ്സികൾ താഴെ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം ദർഘാസ് ക്ഷണിച്ച് വാങ്ങുന്നത്.<br>1) ദർഘാസ് ഫീസും, നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് മുഖേന അടയ്ക്കേണ്ടതാണ്.<br>2) Registered Heavy Vehicle Chassis Manufacturer ആയിരിക്കണം.<br>3) ദർഘാസിൽ കെ.എസ്.ആർ.ടി.സി യുടെ ആവശ്യപ്രകാരമുള്ള ഷാസ്സികൾക്ക് ARAI (Automobile Research Association of India) അംഗീകാരം ഉണ്ടായിരിക്കണം.<br>4) 222" - 232" Wheel Base-കൾ ഉള്ള 2000ൽ കൂടുതൽ എണ്ണം ഷാസ്സികൾ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഇൻഡ്യയിലുള്ള ഒന്നോ അതിലധികമോ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ്സിന് നൽകിയിരിക്കണം.<br>5) ബസ്സ് ഷാസ്സികൾക്ക് കെ.എസ്.ആർ.ടി.സി. ആവശ്യപ്പെടുന്ന കാലയളവുവരെ വില സ്ഥിരത ഉണ്ടായിരിക്കണം.<br>6) ദർഘാസിൽ വാഗ്ദാനം ചെയ്ത തരത്തിലുള്ള ബസ്സ് ഷാസ്സികൾ കെ.എസ്.ആർ.ടി. സിയുടെ സാങ്കേതിക ഉദ്യോഗസ്ഥരുടെ കമ്മിറ്റിയുടെ മുമ്പാകെ പരിശോധനയ്ക്ക് വിധേയമാക്കി യോഗ്യത നേടണം. |

| | | | |
|---|---|---|---|
| (ബി) | 2006-2011, 2011-2016 എന്നീ കാലയളവുകളിൽ എത്ര പുതിയ ബസ്സുകൾ വാങ്ങിയെന്നും അതാതു കാലയളവിൽ ഈ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് നിരത്തിലിറക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ; | (ബി) | 2006-2011 കാലയളവിൽ പർച്ചേയ്സ് ഓർഡർ നൽകിയ<br>Volvo A/C Buses : 3 എണ്ണം<br>Tata A/C Buses : 20 എണ്ണം<br>Vestibule Bus : 1 എണ്ണം<br>Double Decker Bus : 2 എണ്ണം<br>എന്നിങ്ങനെ ആകെ 26 പൂർണ്ണ നിർമ്മിത ബസ്സുകളും 2699 ഷാസ്സികളും ഉൾപ്പടെ ആകെ 2725 എണ്ണത്തിന് ഓർഡർ നൽകിയതിൽ 30 ഷാസ്സികൾ ഒഴിച്ച് 2695 എണ്ണം 2006-2011 കാലയളവിൽ തന്നെ നിരത്തിൽ ഇറക്കുകയുണ്ടായി.<br>കൂടാതെ ജൻറം പദ്ധതിയിൽപ്പെടുത്തി 320 പൂർണ്ണ നിർമ്മിത ബസ്സുകൾക്ക് ഓർഡർ നൽകിയതിൽ 212 എണ്ണം 2006-2011 കാലയളവിൽ നിരത്തിൽ ഇറക്കുകയുണ്ടായി.<br>2011-2016 കാലയളവിൽ ജൻറം പദ്ധതിയിൽപ്പെട്ട മേൽപ്പറഞ്ഞ പർച്ചേഴ്സ് ഉത്തരവുകളിൽ ബാക്കിയായ 108 (320-212) പൂർണ്ണ നിർമ്മിത ബസ്സുകളും 30 ഷാസ്സികളിൽ ബോഡി നിർമ്മിച്ചും നിരത്തിലിറക്കുകയുണ്ടായി.<br>2011-2016 കാലയളവിൽ 2500 ഷാസ്സികൾക്ക് പർച്ചേയ്സ് ഓർഡർ നൽകിയതിൽ ലഭ്യമായ 2469 ഷാസ്സികളിൽ 2016 മേയ് വരെ 1937 ബസ്സുകൾ ബോഡി നിർമ്മിച്ച് നിരത്തിലിറക്കി. കൂടാതെ 10 വോൾവാ മൾട്ടി ആക്സിൽ ബസ്സുകളും, 18 സ്കാനിയ മൾട്ടി ആക്സിൽ ബസ്സുകളും നിരത്തിൽ ഇറക്കുകയുണ്ടായി.<br>2011-2016-ൽ ജൻറം പദ്ധതിയിൽപ്പെടുത്തി 400 പൂർണ്ണ നിർമ്മിത ബസ്സുകൾക്ക് ഓർഡർ നൽകിയതിൽ ലഭിച്ച 283 ബസ്സുകൾ നിരത്തിൽ ഇറക്കി. |
| | | | അങ്ങനെ ആകെ 2248 |

| | | | |
|---|---|---|---|
| | | | ബസ്സുകൾ 2011-2016-ൽ നിരത്തിലിറക്കിയിട്ടുണ്ട്. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത് വാങ്ങിയ ബസ്സുകളുടെ ഷാസികൾ തുറസ്സായ സ്ഥലത്തു കിടന്ന് നശിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ വെളിപ്പെടുത്തുമോ; | (സി) | 511 ബസ്സുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാനുണ്ട്. അത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. എന്നാൽ ഇവ നശിച്ചുകൊണ്ടിരിക്കുന്നു എന്ന വാദം ശരിയല്ല. |
| (ഡി) | അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യാത്തതുമൂലം കട്ടപ്പുറത്തിരിക്കുന്ന ബസ്സുകളെ സംബന്ധിച്ച പരിശോധനയും പരിഹാര നടപടികളും ഉണ്ടാകുമോ? | (ഡി) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ